
പാവപ്പെട്ടവരെ സഹായിക്കാൻ ഭരണകൂടമുണ്ടാവില്ല, പൊതുസ്വത്തിനെക്കുറിച്ച് ബോധ്യമുണ്ടായി



# ജലത്തിനുമേൽ ജനാധികാരം നേടണം

ഡോ. രാജൻ ഗുരുക്കൾ

ജനകീയ ജലാധികാരത്തിന്റെ രാഷ്ട്രീയം.
ഫെബ്രുവരി 16ന് പ്ലാച്ചിമട സമരപന്തലിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്.

പ്ലാച്ചിമടയിലേതുപോലെ ജീവൽപ്രശ്നങ്ങളുള്ള സ്ഥലത്ത് ജോലിത്തിരക്കും ദുരന്തവുമൊന്നും പ്രശ്നമാക്കാതെ ഓരോരുത്തരും പെട്ടെന്ന് വന്നു ചേരുന്നില്ലെങ്കിൽ അത് അവരുടെ താല്പര്യക്കുറവിനെയാണ് കാണിക്കുന്നത്. ഇനി അങ്ങിനെ മുന്നിട്ട് വരുന്നവരെ മഹൽ വ്യക്തികളാക്കുന്നതും പ്രശ്നമുണ്ട്. ആളുകൾ ഒരുമിച്ച് പ്രവർത്തിക്കുന്നു എന്നതാണ് പ്രധാനം.

എല്ലാ സ്ഥലങ്ങളിലും ഓരോ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഞാൻ ജോലി ചെയ്യുന്ന യൂണിവേഴ്സിറ്റിയിൽ കുട്ടികൾ പതിനഞ്ച് ദിവസങ്ങളായി സമരത്തിലാണ്. അവർക്ക് പഠിപ്പിക്കേണ്ട വിഷയത്തിൽ വൈദഗ്ദ്ധ്യമുള്ള ആളെയല്ല യൂണിവേഴ്സിറ്റി അദ്ധ്യാപകനായി നിയമിച്ചിരിക്കുന്നത്. പണം വാങ്ങി വേറെ വിഷയത്തിലുള്ള ഒരദ്ധ്യാപകനെയാണ് നിയമിച്ചിരിക്കുന്നതത്രെ. പ്രശ്നങ്ങൾ ഉണ്ട് എന്നുള്ളത് വരുന്നത് തന്നെ ആളുകൾ ഇതിൽ ഇടപെടുന്നതുകൊണ്ടാണ്. ഈ ഇടപെടൽ എന്നത് ഒരാളായിട്ട് ചെയ്യുന്നതല്ല. സാഹചര്യമാണ് ചെയ്യുന്നത്. അതായത് പ്രശ്നങ്ങളെ നേരിടാൻ സംഘമായി ചേർന്ന് ഇടപെട്ട് പ്രവർത്തിക്കുകയേ വഴിയുള്ളു.

ഒരു പ്രശ്നം പഠിക്കുന്നതുപോലെയല്ല ആ പ്രശ്നത്തിൽ ഇടപെട്ടു പരിഹരിക്കാൻ നോക്കുന്നത്. വെള്ളം കുടിക്കുകയും ആഹാരം കഴിക്കുകയും ചെയ്തു കഴിഞ്ഞു മാത്രമേ പണത്തിന്റെ കാര്യത്തിലേക്ക് കടക്കൂ. പരിഹാരത്തിനായി ഇടപെടുന്നത് അടിയന്തിരത്വമുള്ളതാകും. ഇവിടെ പ്ലാച്ചിമടയിൽ ഒരു വലിയ കമ്പനി വെള്ളം വിറ്റ് വൻലാഭമുണ്ടാക്കുന്നു. കുറച്ചു പേർക്കു ജോലി കിട്ടുമെന്നത് ശരിതന്നെ. കോള ഉണ്ടാക്കാനുള്ള ചിലവിന്റെ മുപ്പതിരട്ടി ലാഭമാണ് ഇവർ ഉണ്ടാക്കുന്നതത്രെ. വെള്ളത്തിൽ മാലിന്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്നു കണ്ടെത്തിയപ്പോൾ വലിയ ഒരു സിനിമാനടൻ ഇത് കുടിച്ചു കാണിക്കുന്നു. കോള പോലുള്ളവ കുടിക്കുന്ന വലിയ ഒരു വിഭാഗം ആളുകൾ നമ്മുടെ നാട്ടിലുണ്ട്. നിങ്ങളുടെ ഇവിടത്തെ സമരം കാരണം കുറെ ആളുകൾ കോക്കക്കോള കുടിക്കുന്നത് നിർത്തി. കുറെ ആളുകളുടെ കുടിവെള്ളം മുട്ടിച്ചാണ് കോക്കക്കോള ഉണ്ടാക്കുന്നത് എന്ന് അവർ തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിച്ചു. യൂണിവേഴ്സിറ്റികളിലും മറ്റും അവർ പ്രചരണം നടത്തി. ഇത് കമ്പനിയുടെ വില്പന കുറെ കുറച്ചു.

### കാട്ടിലെ വെള്ളം ജലസംഭരണികളിലാകുമ്പോൾ

കോള പോലുള്ള പാനീയങ്ങൾ ദാഹം ശമിപ്പിക്കാൻ വേണ്ടി കുടിക്കുന്നതല്ല. രസത്തിന് വേണ്ടിയാണ് കുടിക്കുന്നത്. ഇതിലെ അനീതി കിടക്കുന്നത് ഇവിടെയാണ്. കുറെ പേരുടെ രസത്തിനു വേണ്ടി മറ്റു കുറെ പേരുടെ കുടിവെള്ളം മുട്ടിക്കുന്നു. ഈ ഏർപ്പാട് പുതിയതല്ല. 30-35 വർഷം മുൻപ് ആളുകൾക്ക് കുടിക്കാനാവശ്യമായ വെള്ളം ഉണ്ടാകുന്നത് ദൂരസ്ഥലത്തേക്കു തിരിച്ചുകൊണ്ടുപോയി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. കേരളത്തിൽ 27 കോടി രൂപ ചിലവഴിച്ച് കാഡ-കമാന്റ് ഏരിയ ഡെവലപ്പ്മെന്റ് എന്ന പദ്ധതിയിലൂടെ വെള്ളം ചാലുകീറി കൊണ്ടുപോകുന്നു. കാട്ടിലുള്ള വെള്ളം ഒഴുകിയെത്തുമ്പോൾ തിരിച്ചു കൊണ്ടുപോയി അത് ഉപയോഗിക്കുന്ന സ്ഥലത്തെയാണ് കമാന്റ് ഏരിയ എന്നു പറയുന്നത്. വെള്ളം കാട്ടിലൂടെ ഒഴുകി വരുമ്പോൾ ഉപയോഗിക്കുന്ന ആളുകളെ ഇവിടെ പരിഗണിക്കുന്നതേയില്ല. കാട്ടിലെ വെള്ളം ജലസംഭരണികളിലാകുമ്പോൾ കാട്ടിലുള്ളവർക്ക് കൃഷിചെയ്യാൻ ജലസംഭരണികളിൽ നിന്നു വെള്ളം എടുക്കാം എന്ന് ചട്ടങ്ങളിൽ കാണില്ല.

ഇവിടെ അണക്കെട്ടുണ്ടാക്കാൻ പോകുന്നു. നിങ്ങൾ മാറിപ്പോകൂ എന്നാണ് നൂറ്റാണ്ടുകളോളം അവിടെ താമസിച്ചുകൊണ്ടിരിക്കുന്നവരോട് പറയുക. എന്നിട്ട് പുനരധിവാസം എന്ന പേരിൽ സോപ്പുപെട്ടി പോലുള്ള വീട് ഉണ്ടാക്കിക്കൊടുക്കും. വീടിന്റെ മുഖം കിഴക്കുവശത്തേക്കു മാത്രം ഉണ്ടാക്കി ശീലിച്ച ആദിവാസികളെ അടുത്ത പെട്ടിവീടിന്റെ പിൻവശത്തേക്കു മുഖമുള്ള പെട്ടിവീട്ടിൽ താമസിക്കാൻ നിർബന്ധിക്കും. ഒഴുകി വരുന്ന വെള്ളം എടുക്കാൻ സൗകര്യമുള്ള വീട്ടിൽ ജീവിച്ച് ശീലിച്ചവരെ മാറ്റി പാർപ്പിക്കുമ്പോൾ അവിടെ വെള്ളം ആവശ്യത്തിനു ലഭ്യമാണോ എന്നു പോലും നോക്കാറില്ല.

മാറ്റിപ്പാർപ്പിച്ചതിന്റെ പേരിൽ വെള്ളത്തിനും വിറകിനും കഷ്ടപ്പെടുന്ന 6 കോടി സ്ത്രീകളാണ് ഭാരതത്തിൽ. വെള്ളത്തിനും വിറകിനും വേണ്ടി ദിവസം 3 കി. മി. വീതം നടക്കേണ്ടിവരുന്നു ഇവർക്ക്. വീട്ടുജോലികൾക്കും തൊഴിലിനും പുറമെയാണിത്. ഇതിനർത്ഥം പുരുഷന്മാരേക്കാൾ മൂന്നിരട്ടി ജോലി ഈ സ്ത്രീകൾ ചെയ്യേണ്ടിവരുന്നു. സ്ത്രീകൾ കൂടുതൽ കഷ്ടപ്പെടുക എന്നുവച്ചാൽ ആ വീട്ടിലെ കുട്ടികളും കൂടുതൽ കഷ്ടപ്പെടുന്നു എന്നാണ്. ഗുജറാത്തിൽ രാവിലെ സ്ത്രീകൾ കുട്ടികളെയും കൂട്ടിയാണ് ജോലിക്കു പോകുന്നത്. ദിവസം 15 രൂപയാണ് കൂലി. ബസ് ചാർജ് കുറഞ്ഞുകിട്ടാൻ കുട്ടികളെയും എടുത്തു ബസിന്റെ മുകളിലാണ് യാത്ര ചെയ്യുക. വെള്ളമില്ലാത്ത പ്രദേശമായതുകൊണ്ട് ദാഹവെള്ളം കൂടി കിട്ടാതെയാണ് ഇവർ പണിയെടുക്കേണ്ടിവരിക. അതേസമയം വേറൊരു വിഭാഗം ആളുകൾ ഒരുപാട് വെള്ളം നശിപ്പിച്ചുകളയുന്ന പ്രദേശവുമാണ് ഗുജറാത്ത്.

### പൊതുഉടമാവകാശബോധം

കുറെ വർഷങ്ങൾക്കു മുൻപ് നമുക്കു കുളിക്കാൻ ഒരു ലിറ്റർ വെള്ളം ചിലവാക്കിയാൽ മതിയായിരുന്നു. ഇപ്പോൾ പരിഷ്കരിച്ച രീതിയിലുള്ള ജീവിതശൈലി വന്നപ്പോൾ ദിവസം 15 ലിറ്റർ ആണ് നാം കുളിക്കാൻ ഉപയോഗിക്കുന്നത്. ജനസംഖ്യ വർദ്ധവിനോ

## പ്ലാച്ചിമട
## ജനകീയ ജലാധികാര യാത്ര

മാർച്ച് 5 - ന് കാസർഗോഡ് നിന്നാരംഭിച്ച് ഏപ്രിൽ നാലിന് തിരുവനന്തപുരത്ത് സമാപിക്കുന്നു.

ബന്ധങ്ങൾക്ക്

സണ്ണി പൈകട - 9446234997

ഷാജി ചേലക്കാട്ടിൽ - 9349501699


ടൊപ്പം വെള്ളം ഉപയോഗിക്കുന്നതിന്റെ ധാരാളിത്തവും വർദ്ധിച്ചു.

പണ്ടുള്ളവർ ഓടിപ്പോകുന്ന വെള്ളത്തെ നടത്താനും നടന്നുപോകുന്ന വെള്ളത്തെ കിടത്താനും മറ്റുമാണ് ശ്രമിച്ചിരുന്നത്. ഇന്നു കിടക്കുന്ന വെള്ളത്തെ ഓടിച്ചുകളയുന്ന ഒരു ജീവിതരീതിയാണ് വ്യാപിച്ചുകൊണ്ടിരിക്കുന്നത്. സിമന്റ് തറയും കനാലുകളും ഒക്കെ കൂടുതൽ കെട്ടിക്കൊണ്ടിരിക്കുന്നു.

ഇത്തരം ജീവിത ശൈലികളൊക്കെ വളർന്നുവരുന്നത് നമുക്ക് സ്വകാര്യസ്വത്തിനെക്കുറിച്ചു മാത്രമെ അറിയൂ, പൊതുസ്വത്തിനെക്കുറിച്ചറിയില്ല എന്നതു കൊണ്ടാണ്. പൊതു സ്വത്ത് എന്നു പറഞ്ഞാൽ ഓരോ പ്രദേശത്തുള്ള പ്രകൃതിവിഭവങ്ങളുടെയും മേൽ അതാതു പ്രദേശത്തുള്ളവർക്ക് കൂട്ടായി തീരുമാനമെടുക്കാനുള്ള അവകാശം ഉണ്ട് എന്ന് അംഗീകരിക്കലാണ്. ഇന്ത്യയിൽ പലയിടത്തും പൊതുസ്വത്തവകാശമുണ്ട്. നമുക്കിനിയും പൊതു ഉടമാവകാശബോധം ഉണ്ടായിട്ടില്ല.

ഒരു സ്ഥലത്തു നിന്ന് വെള്ളം ശേഖരിച്ച് വൻതോതിൽ മറ്റെവിടത്തേക്കോ കടത്തിക്കൊണ്ടുപോകുന്നത് തടയാൻ പ്രദേശത്തുള്ളവർക്ക് കഴിയണം. ഇത് പ്രദേശത്തെ ആളുകൾ തന്നെ പ്രതിരോധിക്കണമെങ്കിൽ നമുക്ക് പൊതുസ്വത്തിനെക്കുറിച്ച് ബോധ്യമുണ്ടാകണം. ജനാധികാരം എന്നത് ഓരോരുത്തർക്കും അല്ല ഒരുമിച്ചുള്ള അധികാരം ഉണ്ടാകുന്നതിനെയാണ് ഉദ്ദേശിക്കുന്നത്. ജലത്തിന്റെ മേൽ നമുക്ക് ഉണ്ടാകേണ്ടത് ജനകീയമായ അധികാരമാണ്.

പാവപ്പെട്ടവർക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അവർ തന്നെയല്ലാതെ ആരുമില്ല. ഭരണകൂടം അവരെ സഹായിക്കില്ല. അവർക്ക് അവരെ സഹായിക്കാൻ താല്പര്യമുള്ള മറ്റുള്ളവരുമായി ഐക്യപ്പെട്ടു പ്രവർത്തിക്കുകയേ വഴിയുള്ളു. അതുകൊണ്ട് 'ജനകീയം' എന്നതിലും 'ജനകീയ പ്രവർത്തനങ്ങൾ' എന്നതിലും നാം മാറണം. ഇതിൽ തന്നെ ജാതി, മതം ഒക്കെ വന്നു ജനങ്ങളുടെ ഐക്യത്തെ ശിഥിലമാക്കിക്കൊണ്ടിരിക്കുന്നതിൽ നാം ജാഗ്രതയുള്ളവരായിരിക്കണം. ●


*സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്*

*മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം*


സെൻകഥ

# വിപരീതക്കാഴ്ച



**സംഗ്രഹീത പുനരാഖ്യാനം:**
**സെബാസ്റ്റ്യൻമാഷ്**

**പാണ്ടിന്** അതിബുദ്ധിമാനായ ഒരു മകനുണ്ടായിരുന്നു. വലുതാകുന്തോറും ഒരു വിചിത്രസ്വഭാവം അവനിൽ കണ്ടുതുടങ്ങി. പാട്ടുകേട്ടാൽ അവൻ വിചാരിക്കും അത് കരച്ചിലാണെന്ന്. വെളുപ്പ് കണ്ടാൽ കറുപ്പാണെന്നു വിചാരിക്കും. മധുരം കഴിച്ചാൽ കയ്പാണെന്ന് വിചാരിക്കും. സുഗന്ധം മണത്താൽ ദുർഗന്ധമാണെന്നു കരുതി ഓക്കാനിക്കും. ആരെങ്കിലും മ്ലേച്ഛ പ്രവൃത്തി ചെയ്താൽ നല്ല പ്രവൃത്തിയാണെന്നു വിചാരിക്കും.

മകന്റെ വിചിത്ര സ്വഭാവം മനസ്സിലാക്കിയ പിതാവ് അവനെ ലേയ്ട്സുവിന്റെ അടുത്തു കൊണ്ടുവന്നു. അവനോട് ദീർഘനേരം സംസാരിച്ചശേഷം ലേയ്ട്സു അവന്റെ പിതാവിനോടു പറഞ്ഞു. അവന് എന്തോ മാനസിക വൈകല്യമുണ്ടെന്ന് താങ്കൾ കരുതുന്നു. അവനു കുഴപ്പമൊന്നുമില്ല. അവന്റെ ധാരണകൾ തീർത്തും ശരിയാണ്. മറ്റുള്ളവർക്കാണ് കുഴപ്പം. താങ്കളുടെ മകൻ വസ്തുതകളെ കാണുന്നപോലെ എല്ലാവരും കണ്ടാൽ സംഗീതം കരച്ചിലായും കറുപ്പ് വെളുപ്പായും മധുരം കയ്പായും സുഗന്ധം ദുർഗന്ധമായും ദുരാചാരം സദാചാരമായും - എല്ലാം തല തിരിച്ചു കണ്ടാൽ - മകൻ കുഴപ്പക്കാരനല്ല. പക്ഷേ ഒന്നുണ്ട്.

'മറ്റുള്ളവർക്കാണ് കുഴപ്പം' ●

● ലേയ്ട്സ് (Liech-Tzu) മഹാനായ ചൈനീസ് സെൻഗുരു ജീവിതകാലം ബി.സി. 500

## ▪ വരയും വരിയും

റഫീക്ക് അഹമ്മദ്

